പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1197 **15-10-2026-ൽ മറുപടിയ്ക്ക്**

സമഗ്രശിക്ഷാ കേരളം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീമതി ഗീതാ ഗോപി

ശ്രീ. സി. അജയപ്രസാദ്

ശ്രീ. കെ. രാജൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സമഗ്രശിക്ഷാ കേരളത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: കേന്ദ്രാവിഷ്കൃതപദ്ധതിയായ സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ.) 2018 ഏപ്രിൽ 1 മുതൽ പൊതുവിദ്യാഭ്യാസ മേഖലയിൽ അക്കാദമിക പ്രവർത്തനങ്ങൾ, അടിസ്ഥാന സാക്ഷരതയും സംഖ്യാബോധവും, പഠന പിന്തുണ, ഭിന്നശേഷി കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ വിവിധ സവിശേഷ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പ്രധാന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

2023-24 മുതൽ കേന്ദ്രവിഹിതം പൂർണ്ണമായി ലഭിക്കാത്തതിനാൽ എസ്.എസ്.കെ. സാമ്പത്തിക പ്രയാസം നേരിടുന്നുണ്ടെങ്കിലും സംസ്ഥാന സർക്കാരിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹായത്തോടെ മുൻഗണനാ ക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) സമഗ്രശിക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ബി ആർ സി കളിൽ പ്രവർത്തിച്ചിരുന്ന ടെയിനർമാർ വിദ്യാലയങ്ങളിലേക്ക് തിരികെ പോവുകയും ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരെ പൂർണമായും പിരിച്ചുവിടുകയും ചെയ്തതോടെ പദ്ധതി പൂർണമായും നിശ്ചലമാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: അന്യത്രസേവന കാലാവധി പൂർത്തിയാക്കിയ ടെയിനർമാർ മാതൃവകുപ്പിലേക്ക് മടങ്ങിയതിനെത്തുടർന്നുള്ള ഒഴിവുകളിലേക്ക് തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഉടൻ നിയമനം നടത്തുന്നതാണ്. ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരെ പൂർണ്ണമായും പിരിച്ചുവിട്ടെന്ന വാർത്ത തെറ്റാണ്. ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന സി.ആർ.സി.സി.മാരെ മാത്രമാണ് ഭരണപരമായ സൗകര്യാർത്ഥം നിയമന നടപടികളുടെ ഭാഗമായി പിരിച്ചുവിട്ടത്. പ്രസ്തുത ഒഴിവുകളിലേയ്ക്ക് ഉടൻ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. അതിനാൽ ബി.ആർ.സി. പ്രവർത്തനങ്ങൾ പൂർണ്ണമായും നിശ്ചലമാണെന്ന പ്രചാരണം വാസ്തവ വിരുദ്ധമാണ്.

(സി) പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പിന്തുണാ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

മറുപടി: പൊതുവിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനായി എസ്.എസ്.കെ. യുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന അടിസ്ഥാന ഭാഷാ-ഗണിത ശേഷി ഉറപ്പിക്കുന്നതിനുള്ള പ്രത്യേക പരിപാടിയായ **റിവൈവ്-നവജീവനം** പദ്ധതിയുടെ മൊഡ്യൂൾ തയ്യാറാക്കുകയും റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2026 നവംബർ 2 മുതൽ എൽ.പി., യു.പി. ക്ലാസുകളിൽ പദ്ധതി നടപ്പിലാക്കും. കൂടാതെ ടെയിനർമാർ, സി.ആർ.സി.സി.മാർ, സ്പെഷ്യൽ എജ്യൂക്കേറ്റർമാർ എന്നിവരുടെ നേതൃത്വത്തിൽ അക്കാദമിക പിന്തുണയും പഠനാനുരൂപീകരണ പ്രവർത്തനങ്ങളും നടന്നുവരുന്നു.

(ഡി) എസ്.എസ്.കെ.യുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന് വേണ്ടി കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാനുള്ള തുക നേടിയെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മറുപടി: 2023-24 മുതൽ എസ്.എസ്.കെ.യ്ക്ക് കേന്ദ്രവിഹിതം കൃത്യമായി ലഭിക്കുന്നില്ല. 2023-24 മുതൽ 2025-26 വരെയുള്ള കുടിശ്ശികയിൽ ₹99.27 കോടി രൂപ രണ്ടു ഘട്ടമായി ലഭിച്ചിട്ടുണ്ട്. കൂടാതെ, ₹106.58 കോടി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന കുടിശ്ശിക അനുവദിക്കാനും 2026-27 വർഷത്തെ കേന്ദ്ര വിഹിതം ഉടൻ ലഭ്യമാക്കാനും കേന്ദ്രവിദ്യാഭ്യാസമന്ത്രാലയത്തിന് പ്രൊപ്പോസൽ സമർപ്പിക്കുകയും കേന്ദ്ര മന്ത്രിയെയും സെക്രട്ടറിയെയും നേരിൽ കണ്ട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. 2026-27 വർഷത്തെ ഒന്നാം ഗഡുവിനുള്ള പ്രൊപ്പോസൽ മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

എസ്.എസ്.കെ.യുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ

1. പ്രാപ്യതയും ഇടർച്ചയും

a) റസിഡൻഷ്യൽ ഹോസ്റ്റൽ

b) സ്കൂളുകളുടെ ശാക്തീകരണം.

c) ട്രാൻസ്പോർട്ട്/എസ്കോർട്ട് ഫെസിലിറ്റി

2. ആർ.ടി.ഇ. എൻടൈറ്റിൽമെന്റ്സ്

a) സൗജന്യ പാഠപുസ്തകം

b) സൗജന്യ യൂണിഫോം

c) ഔട്ട് ഓഫ് സ്കൂൾ കുട്ടികളുടെ വിദ്യാഭ്യാസം

d) കമ്മ്യൂണിറ്റി മൊബിലൈസേഷൻ

e) എസ്.എം.സി/എസ്.എം.ഡി.സി. പരിശീലനം

3. ക്വാളിറ്റി പ്രവർത്തനങ്ങൾ

a) നൂതനാശയപ്രവർത്തനങ്ങൾ

b) പഠനപോഷണ പരിപാടികൾ

c) ഫൗണ്ടേഷണൽ ലിറ്ററസി & ന്യൂമറസി പ്രവർത്തനങ്ങൾ

d) കോംബസിറ്റ് സ്കൂൾ ഗ്രാന്റ്

e) ലൈബ്രറി ഗ്രാന്റ്

f) രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ പ്രവർത്തനങ്ങൾ

g) പ്രീ-സ്കൂൾ പ്രവർത്തനങ്ങൾ

h) ബി.ആർ.സി. - സി.ആർ.സി. മുഖേനയുള്ള അക്കാദമിക പിന്തുണ

i) ഐ.സി.റ്റി. ഡിജിറ്റൽ ഇനിഷിയേറ്റീവ്സ്

i) ദേശീയ- സംസ്ഥാന വിലയിരുത്തൽ

k) അധ്യാപക പരിശീലനം

4. സ്പോർട്സ് & ഫിസിക്കൽ എഡ്യൂക്കേഷൻ

5. അധ്യാപക വിദ്യാഭ്യാസം

6. ജന്റർ & ഇക്വിറ്റി

7. ഇൻക്ലൂസീവ് എജ്യൂക്കേഷൻ

8. തൊഴിൽ വിദ്യാഭ്യാസം

9. സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനം

10. പെൺകുട്ടികളുടെ വിദ്യാഭ്യാസം.

